"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - തിരുവനന്തപുരം കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട അമ്പിളി.റ്റി-യുടെ മകൻ ശ്രീ.മണികണ്ഠൻ.എസ് - സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2159/2021/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം, 01/11/2021

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീ.മണികണ്ഠൻ.എസ്-ന്റെ 30.12.2020 തീയതിയിലെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ.
3. ശ്രീ.മണികണ്ഠൻ.എസ്-ന്റെ 23.04.2021 തീയതിയിലെ അപ്പീൽ അപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 22.06.2021 തീയതിയിലെ ഇ4-7236/2021 നമ്പർ കത്ത്.
5. 18/05/2004 തീയതിയിലെ 6678/ഉ.പസി/2004/ ഉ.ഭ.പ.വ നമ്പർ സർക്കുലർ

ഉത്തരവ്

തിരുവനന്തപുരം കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 09.10.2018 തീയതിയിൽ മരണപ്പെട്ട അമ്പിളി.റ്റി-യുടെ മകൻ ശ്രീ.മണികണ്ഠൻ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 30.12.2020 നാണ്. പരാമർശം 1 ലെ ഉത്തരവനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി മരണ തീയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ ശ്രീ. ഡി.മണികണ്ഠൻ സമയപരിധി കഴിഞ്ഞ് 02 മാസവും 21 ദിവസവും കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ കാലതാമസം മാപ്പാക്കി നല്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിശ്ചിത കാലപരിധിക്കുള്ളിൽ നേടിയിട്ടുണ്ടായിരുന്ന യോഗ്യത അനുസരിച്ചുള്ള ജോലിക്കു മാത്രമേ പരിഗണിക്കാനാവൂ എന്ന നിബന്ധനയിൽ ,സമാശ്വാസ തൊഴിൽദാന പദ്ധതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി. തിരുവനന്തപുരം കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട അമ്പിളി.റ്റി-യുടെ മകൻ ശ്രീ.മണികണ്ഠൻ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി,തിരുവനന്തപുരം കോർപ്പറേഷൻ
ശ്രീ.മണികണ്ഠൻ.എസ് , പുത്രക്കാട് കോളനി, തോമ്പാമുട്ടം, റസ്സൽപുരം പി.ഒ. ബാലരാമപുരം.തിരുവനന്തപുരം
ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി(ഇയു4/155/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ